(ച) ഉണ്ടെങ്കിൽ ടി സംഗതിയെപ്പറ്റി മുനിസിപ്പാലിറ്റി എന്തു നടപടി നടത്തി?

മിസ്റ്റർ പി. ജെ. ജോർജ്ജ്: (ക) ഒരുസ്ത്രീയെ ദേഹോപദ്രവം ചെയ്തതായി അറിവില്ല അറസ്റ്റ് ചെയ്തതായി റിപ്പോർട്ടുണ്ട്. പക്ഷേ സ്ഥലം മജിസ്ട്രേട്ടുകോടതിയിൽ അപ്രകാരം ആവലാതിപ്പെട്ട കേസ്സ് നിലവിലുള്ളതായി അറിവുണ്ട്.

(ഖ) ഇപ്പോൾ നടപടി ആവശ്യമില്ല.

മിസ്റ്റർ വി. കെ. കുട്ടി: മജിസ്ട്രേട്ടുകോട്ടിൽ കേസുണ്ടെന്നു പറഞ്ഞതും സ്ത്രീ കൊടുത്തിട്ടുള്ളതൊ മുനിസിപ്പാലിറ്റിയിൽ നിന്നു കൊടുത്തിട്ടുള്ളതൊ?

Mr. P. J. George (*Joint Secretary to Government*): I want notice.

മിസ്റ്റർ വി. കെ. കുട്ടി: ഈ അറസ്റ്റ് ചെയ്ത സ്ത്രീയെ എന്തു ചെയ്തു?

മിസ്റ്റർ പി. ജെ. ജോർജ്ജ്: അറസ്റ്റ് ചെയ്താൽ ചിലപ്പോൾ റിമാണ്ടിൽ വെക്കും, ചിലപ്പോൾ ജാമ്യത്തിൽ വിടും.

മിസ്റ്റർ വി. കെ. കുട്ടി: അറസ്റ്റ് ചെയ്ത സ്ത്രീയെ സംബന്ധിച്ച് പൊല്ലീസ് കേസുണ്ടോ?

മിസ്റ്റർ പി. ജെ. ജോർജ്ജ്: കേസ് കോടതിയിലുണ്ട്.

മിസ്റ്റർ വി. കെ. കുട്ടി: എന്റെ അറിവ് അറസ്റ്റ് ചെയ്ത സ്ത്രീയെ പൊല്ലീസ് സ്റ്റേഷനിലേക്കു അയച്ചു. എന്നാൽ ഇതിനെ സംബന്ധിച്ച് കേസെടുപ്പാൻ നിയമമില്ലാത്തതുകൊണ്ട് ആ സ്ത്രീയെ വെറുതെ വിട്ടയക്കയാണു ചെയ്തത്. ഇപ്പോൾ ആ സ്ത്രീയാണ് കേസു കൊടുത്തിരിക്കുന്നത്. എറണാകുളം മുനിസിപ്പാൽ വാറണ്ടാപ്പീസ്സർ ആ സ്ത്രീയെ ദേഹോപദ്രവം ചെയ്തതായിട്ട് പബ്ലിക്കിനറിയാം. ആ സംഗതി ഗവൺമെൻറിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടൊ?

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എന്തു സംഗതിക്കാണ് ആ സ്ത്രീയെ അറസ്റ്റ് ചെയ്തതു?

മിസ്റ്റർ പി. കെ. കുട്ടി: പൈപ്പിൽനിന്നു വെള്ളം എടുത്തു് ടെണിനു പുറത്തേക്കു കൊണ്ടുപോയ കാരണമൊണെന്നാണ് തോന്നുന്നതു്.

NUMBER OF CASES REPORTED BY ERNAKULAM MUNICIPALITY.

9. മിസ്റ്റർ വി. കെ. കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു സഭയെ മറുപടി പറയുമോ:—

(ക) കാട്ടസ്റ്റാൻറ്, ബേസിൻ, മാർക്കറ്റ് മുതലായ സ്ഥലങ്ങളിലെ മുൻസിപ്പാൽ ഉദ്യോഗസ്ഥന്മാരുടെ റിപ്പോർട്ടനുസരിച്ചു മുൻസിപ്പാലിറ്റിയിൽ നിന്നും ഇക്കൊല്ലത്തിൽ എത്രകേസ്സുകൾ എറണാകുളം ടൌൺ സ്റ്റേഷനിലേക്കു അയച്ചിട്ടുണ്ടു;

(ഖ) ഏതെല്ലാം സംഗതികളെ ഉദ്ദേശിച്ചാണ് ടി റിപ്പോർട്ടുകൾ അയച്ചിട്ടുള്ളതു;

LIBRARY ARCHIVES Kerala Legislative Assembly

(ന) ടി റിപ്പോർട്ടിനെ സംബന്ധിച്ചു മുൻസിപ്പൽ കമ്മീഷണരൊ ചെയർമാനൊ മുൻസിപ്പാലിറ്റിയിൽ ഉള്ള മറ്റേതെങ്കിലും ഉദ്യോഗസ്ഥനൊരാ അന്വേഷിച്ചതിനശേഷമാണൊ ടി സംഗതിയെപറ്റി പോലീസിലേക്കു് എഴുതീട്ടുള്ളതു്;

(ര) അതിയിൽ എത്ര കേസുകൾക്കു് പൊലീസ് നടപടി എടുത്തിട്ടുണ്ടു്; എത്ര എണ്ണം നടപടി എടുക്കാതെ വിട്ടിട്ടുണ്ടു്?

മിസ്റ്റർ പി. ജെ. ജോജ്ജ് : (ക) ഏഴു റിപ്പോർട്ടുകൾ.

(ഖ) (a) പിരിക്കുവാൻ നിശ്ചയിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരെ അവരുടെ കൃത്യനിർവ്വഹണത്തിൽ തടസ്ഥപ്പെടുത്തിയ കുറ്റത്തിനു ര.

(b) പച്ചാളം ചന്തയിൽ കൂടു ശ്രോത്രി ശല്യപ്പെടുത്തുന്നതിനെപ്പറ്റി ക.

(c) ചന്തയിൽ കളവായി രശീതി വിറ്റ കാര്യത്തിനു് എന്നതിനെപ്പറ്റി ക.

(d) ചന്തയിൽ കാര്യപിരിക്കുന്ന ഒരു കളക്ടരെ ദേഹോപദ്രവം ചെയ്യാൻ ഉദ്യമിച്ചു എന്നതിനു് ക.

(ന) അതെ.

(ര) മൂന്നു റിപ്പോർട്ടുകൾക്കു് നടപടി എടുത്തതായി എഴുതി അയിച്ചിട്ടുണ്ടു്. ബാക്കി ഉള്ളതിനു ഇനിയും മറുപടി കിട്ടീട്ടില്ല.

WARRANT OFFICER—ERNAKULAM MUNICIPALITY.

10. മിസ്റ്റർ വി. കെ. കുട്ടി : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ദയവുണ്ടു് സഭയിൽ മറുപടി പറയുമൊ :—

(ക) എറണാകുളം നഗരസഭയിലെ ഇപ്പോഴത്തെ വാറണ്ടാഫീസർക്കു് മുമ്പു് ആരാണു് ആ ജോലി നോക്കിയിരുന്നതു്;

(ഖ) അദ്ദേഹം എത്രനാൾ ടി ജോലിയിലിരുന്നിട്ടുണ്ടു്;

(ന) അദ്ദേഹത്തിന്റെ ഔദ്യോഗികമായ കൃത്യനിർവ്വഹണത്തിൽ പൊതുജനത്തിനു തടസ്ഥം ചെയ്തുവെന്നാരു നാമായികമായ അദ്ദേഹത്തെപ്പറ്റി ജനങ്ങൾ ആക്ഷേപിച്ചുവെന്നൊ മറ്റൊ വിവരിച്ചുകൊണ്ടു് വല്ല റിപ്പോർട്ടുകളും അദ്ദേഹം മുനിസിപ്പാലിറ്റിയിലേക്കു അയച്ചിട്ടുണ്ടൊ;

(ര) ഉണ്ടെങ്കിൽ എത്ര;

(ങ) ഇപ്പോഴത്തെ വാറണ്ടാഫീസർ ടി സ്ഥാനത്തു വന്നിട്ടു എത്ര കാലമായി;

(ങ) ഔദ്യോഗികമായ അദ്ദേഹത്തിന്റെ കൃത്യനിർവ്വഹണത്തിൽ ചിലരിൽനിന്നും തടസ്ഥം നേരിടുന്നുവെന്നൊ അപമാനിക്കുന്നുവെന്നൊ മുനിസിപ്പാലിറ്റിയിൽനിന്നും അവരുടെമേൽ നടപടി നടത്തണമെന്നൊ മറ്റൊ വിവരിച്ചുംകൊണ്ടു് വല്ല റിപ്പോർട്ടുകളും മുനിസിപ്പാലിറ്റിക്കു കിട്ടീട്ടുണ്ടൊ;

(ഛ) ഉണ്ടെങ്കിൽ ഇതുവരെ എത്ര റിപ്പോർട്ടുകൾ കിട്ടീട്ടുണ്ടെന്നും അതുകളുടെ പേരിലെല്ലാമായിരുന്നുവെന്നും സഭയിൽ പ്രസ്താവിക്കുമൊ;

(ജ) ടി വാറണ്ടാഫീസരുടെ റിപ്പോർട്ടനുസരിച്ചു എത്രപേരുടെമേൽ മുനിസിപ്പാലിറ്റിയിൽനിന്നും നടപടി എടുത്തിട്ടുണ്ടു്, അവരുടെയെല്ലാം പേരിലാണു";

LIBRARY ARCHIVES Kerala Legislative Assembly